# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.129/PR/PIC/PHQ/18 Date : 26.05.2018

## പുതിയ അധ്യയന വര്‍ഷം സുരക്ഷ ഉറപ്പാക്കാന്‍ നിര്‍ദ്ദേശങ്ങളായി

പുതിയ അധ്യയന വര്‍ഷത്തില്‍ സുരക്ഷ ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടികള്‍ സ്വീകരിക്കാന്‍ സംസ്ഥാന പോലീസ് മേധാവി പോലീസ് ഉദ്യോഗസ്ഥര്‍ക്ക് നിര്‍ദ്ദേശം നല്‍കി. രക്ഷകര്‍ത്താക്കള്‍, സ്കൂള്‍ അധികൃതര്‍, പോലീസ് ഉദ്യോഗസ്ഥര്‍, മാധ്യമ പ്രവര്‍ത്തകര്‍ എന്നിവരുമായി സുരക്ഷ സംബന്ധിച്ച കാര്യങ്ങള്‍ ചര്‍ച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് നിര്‍ദ്ദേശങ്ങള്‍. വിദ്യാര്‍ത്ഥി സുരക്ഷിത അന്തരീക്ഷം സൃഷ്ടിക്കുകയെന്നതാണ് ലക്ഷ്യം.

ഇതിന്റെ ഭാഗമായി മേയ് 31-ാം തീയതിക്ക് മുന്‍പായി തന്നെ പി റ്റി എ പ്രസിഡന്റുമാരുടേയും പ്രധാന അധ്യാപകരുടേയും ഡി ഇ ഒ മാരുടേയും യോഗം സബ്ബ് ഡിവിഷന്‍ തലത്തില്‍ വിളിച്ചു കൂട്ടി സ്കൂള്‍ പുനരാരാഭിക്കുന്നതുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകളെ കുറിച്ച് ചര്‍ച്ച ചെയ്ത് വേണ്ട നിര്‍ദ്ദേശങ്ങള്‍ നല്‍കണം. യോഗത്തില്‍ സ്കൂളിന് അകത്തും പുറത്തുമുള്ള സുരക്ഷ വര്‍ദ്ധിപ്പിക്കുന്നതിന് അധ്യാപകരുടേയും രക്ഷിതാക്കളുടേയും പങ്ക് വിശദമായി ചര്‍ച്ച ചെയ്യണം. പ്രസ്തുത യോഗത്തില്‍ അതത് സ്റ്റേഷനുകളിലെ എസ് എച്ച് ഒ മാര്‍ നിര്‍ബന്ധമായും പങ്കെടുക്കണം.

മറ്റ് പ്രധാന നിര്‍ദ്ദേശങ്ങള്‍

* സ്കൂള്‍ ബസുകള്‍ /വാഹനങ്ങളിലെ വിദ്യാര്‍ത്ഥികളുടെ സുരക്ഷയെ സംബന്ധിച്ച് ഡി പി ഐ മുന്‍പ് പുറത്തിറക്കിയ (സര്‍ക്കുലര്‍ നമ്പര്‍ H1/976/2016/DPI തീയതി 06/08/2016) നിര്‍ദ്ദേശങ്ങളും സംസ്ഥാന പോലീസ് മേധാവി മുന്‍പ് നല്‍കിയ നിര്‍ദ്ദേശങ്ങളും (സര്‍ക്കുലര്‍ നമ്പര്‍ 06/2011 തീയതി 10/03/2011) പാലിക്കുന്നുണ്ടോയെന്ന് കര്‍ശനമായി പരിശോധിക്കണം.
* എല്ലാ സ്കൂളുകളിലും സ്കൂള്‍ പ്രൊട്ടക്ഷന്‍ ഗ്രൂപ്പ് ശക്തിപ്പെടുത്തണം. ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളില്‍ ഉടന്‍ തന്നെ സ്കൂള്‍ പ്രൊട്ടക്ഷന്‍ ഗ്രൂപ്പ് ആരംഭിക്കണം.
* സ്കൂള്‍ വാഹനങ്ങളില്‍ കുട്ടികളെ കയറ്റുന്നതിന് കുട്ടികളെ വരിവരിയായി നിര്‍ത്തുന്നതിന് അധ്യാപകരുടേയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടേയും മറ്റും സഹായവും പങ്കാളിത്തവും ഉറപ്പുവരുത്തണം.
* കുട്ടികള്‍ റോഡ് മുറിച്ച് കടക്കുന്നതിന് പോലീസിന്റേയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടേയും സഹായം ഉറപ്പാക്കണം.
* സ്കൂള്‍ കുട്ടികളെ കൊണ്ടുപോകുന്നതിനായിട്ടുള്ള ബസ്സുകള്‍, മറ്റ് വാഹനങ്ങള്‍ എന്നിവയുടെ ഡ്രൈവര്‍മാര്‍ക്ക് ആവശ്യമായ ബോധവത്ക്കരണം നല്‍കണം.
* സ്കൂള്‍ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങള്‍ ഓടിക്കുന്ന ഡ്രൈവര്‍മാര്‍ ക്രിമിനല്‍ കേസുകളില്‍ ഉള്‍പ്പെട്ടിട്ടില്ല എന്നും മറ്റു സ്വഭാവ ദൂഷ്യങ്ങള്‍ ഒന്നും ഇല്ലാത്തവരാണെന്നും ഉറപ്പുവരുത്തണം.
* ഡ്രൈവര്‍മാര്‍ക്കുള്ള പോലീസ് ക്ലിയറന്‍സ് നിര്‍ബന്ധമാക്കണം.
* സ്കൂള്‍ കുട്ടികളെ കൊണ്ടുപോകുന്ന എല്ലാത്തരം വാഹനങ്ങളിലെയും ഡ്രൈവര്‍മാര്‍ മദ്യപിച്ചല്ല വാഹനങ്ങള്‍ ഓടിക്കുന്നതെന്ന് ഇടയ്ക്കിടെ നടത്തുന്ന പരിശോധനയിലൂടെ ഉറപ്പുവരുത്തണം.
* സ്കൂള്‍ വാഹനങ്ങളുടെ ഫിറ്റ്നസ്, സുരക്ഷാ ക്രമീകരണങ്ങള്‍ എന്നിവ ഉറപ്പുവരുത്തണം.

* സ്കൂൾ പുനരാരംഭിക്കുന്ന ദിവസങ്ങളിൽ രക്ഷിതാക്കളും മറ്റുമായി ധാരാളംപേർ സ്കൂളുകളിലേയ്ക്ക് പോകുന്ന സമയത്ത് ഗതാഗതകുരുക്കുകൾക്കുള്ള സാധ്യത മുൻകൂട്ടിക്കണ്ട് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം.

* മാല പൊട്ടിക്കൽ ശ്രമം, സ്ത്രീകളേയും കുട്ടികളേയും ഉപദ്രവിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കണം.

* സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ അനുവദിച്ചിരിക്കുന്ന സംഖ്യയിലും കൂടുതൽ കുട്ടികളെ കയറ്റാൻ അനുവദിക്കരുത്.

* എല്ലാ വിദ്യാർത്ഥികളും അധ്യാപകരും മറ്റ് സ്കൂൾ ജീവനക്കാരും തിരിച്ചറിയൽ കാർഡുകൾ ധരിക്കാൻ നിർദ്ദേശം നൽകണം.

* സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻസിസി, എൻ എസ് എസ് എന്നീ യൂണിറ്റുകളിലെ വിദ്യാർത്ഥികളെ സുരക്ഷാ ക്രമീകരണത്തിലുള്ള വീഴ്ചകൾ കണ്ടെത്തുന്നതിനും ബോധവത്ക്കരണത്തിനും ഉപയോഗപ്പെടുത്താം.

* സൈബർ സുരക്ഷ, സ്വയം പരിശീലനം, രക്ഷിതാക്കൾക്കുള്ള നിയമബോധവൽക്കരണം എന്നിവയ്ക്ക് പോലീസ് ഉദ്യോഗസ്ഥരുടേയും ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷനുകളുടേയും സഹായം തേടാൻ നിർദ്ദേശിക്കാം.

സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ സംസ്ഥാന ഗവൺമെന്റും സംസ്ഥാന പോലീസ് മേധാവിയും, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശങ്ങളിൽ പറയുന്നു.

*********